# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3452 | 15.07.2015-ൽ മറുപടിക്ക്

**എൻ.ആർ.എച്ച്.എം. മുഖേന കുട്ടനാട്ടിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | എൻ.ആർ.എച്ച്.എം. മുഖേന കുട്ടനാട്ടിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാം ആണെന്ന് വിശദമാക്കുമോ ; | (എ) | പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിൽ എൻ.ആർ. എച്ച്.എം. 2 കോടി 7 ലക്ഷം രൂപ മുതൽ മുടക്കി വിമൻ പീഡിയാട്രിക് ബ്ലോക്ക്, 2012 -ൽ ഉദ്ഘാടനം ചെയ്ത് പ്രവർത്തിച്ചു വരുന്നു .<br>എടത്വ സി.എച്ച്.സി. യിൽ എൻ.ആർ. എച്ച്.എം. 27 ലക്ഷം രൂപ മുതൽ മുടക്കിൽ ഐ.പി.വാർഡും ലാബും പണികഴിപ്പിച്ച് പ്രവർത്തിച്ചു വരുന്നു.<br>ചമ്പക്കുളം സി.എച്ച്.സി.യിൽ എൻ.ആർ.എച്ച്.എം 1 കോടി 35 ലക്ഷം രൂപ മുതൽ മുടക്കി ഒ.പി. കം ഡയഗ്നോസ്റ്റിക് ബ്ലോക്ക് പണി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.<br>നീലംപേരൂർ പി.എച്ച്.സി.യുടെ കീഴിൽ 13 ലക്ഷം രൂപ മുതൽ മുടക്കി ഈരയിൽ സബ്സെന്റർ പണി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.<br>ആലപ്പുഴ ജില്ലയിലെ വെള്ളത്താൽ ചുറ്റപ്പെട്ട ജനങ്ങൾക്ക് വൈദ്യ സഹായം എത്തിക്കുന്നതിനു വേണ്ടി എൻ.ആർ.എച്ച്.എം. ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഫ്ലോട്ടിംഗ് ഡിസ്പെൻസറി.<br>സി.എച്ച്.പി. പദ്ധതിയിലുൾപ്പെടുത്തി പി.എച്ച്.സി കാവാലത്തും, സി.എച്ച്.സി. ചമ്പക്കുളത്തും ഓരോ ലാബിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഉദ്ഘാടനം ഉടൻ തന്നെ നടത്തുന്നതാണ്. |
| (ബി) | കാവാലം പി.എച്ച്.സി ക്ക് പുതിയ കെട്ടിട നിർമ്മാണത്തിന് എൻ.ആർ. എച്ച്.എം മുഖാന്തിരം സമർപ്പിച്ച അപേക്ഷയിൻമേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ? | (ബി) | കാവാലം പി.എച്ച്.സി.-ക്ക് എൻ.ആർ.എച്ച്.എം മുഖാന്തിരം കെട്ടിട നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ഒന്നുംതന്നെ സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ